ചെയ്തു. എന്നിട്ട് ഇതുവരെ ചാർജ്ജ് വിടാതെ ആ സ്ഥാനത്ത് ഇരുന്നുകൊണ്ട് ആൻറിസിപേറ്ററി ബെയിലിൽ നിൽക്കുന്ന രണ്ടു അഭിഭാഷകരെ പോലീസ് സ്റ്റേഷനിൽ വിളിച്ചു കൊണ്ടുവരാൻ ധൈര്യപ്പെട്ടതു തന്നെ തെറ്റ്. വിളിച്ചുകൊണ്ട് വന്നതിനുശേഷം അവരെ വേഷങ്ങളെല്ലാം അഴിപ്പിച്ച് അണ്ടർവെയർ മാത്രമായിട്ട് ലോക്കപ്പിൽ സൂക്ഷിച്ചു എന്നാണ് എനിക്ക് വിവരം കിട്ടിയിട്ടുള്ളത്. ഇത്രയും നീചമായ നിലയിൽ ആ അഭിഭാഷകരോട് പെരുമാറാൻ പോലീസ്സുകാർ തയ്യാറായത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഒരു അഭിഭാഷകനായ ഞാൻ ഇതിൽ ഖേദിക്കുന്നു. ലജ്ജിക്കുന്നു. അടിയന്തിരമായി ഇതിനെതിരായി ശക്തിയായ നടപടികൾ എടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഒരു ഭാഗം മാത്രമേ പറഞ്ഞുള്ളൂ. ഇവിടത്തെ ഡിസ്ട്രിക്ട് ഹോസ്പിറ്റലിലെ ആർ. എം. ഒ. ആയ ഡോ. കൃഷ്ണപ്രസാദിന്റെ ക്വാർട്ടേഴ്സിൽ ചെന്ന് അദ്ദേഹത്തെ മർദ്ദിച്ചു. അതേ സംബന്ധിച്ച് അദ്ദേഹം ഒരു

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

പരാതി കൊടുത്തിരുന്നു. ആ പരാതിയെക്കുറിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തു എന്ന് അറിഞ്ഞപ്പോഴാണ് ആൻറിസിപ്പേറ്ററി ബെയിൽ എടുത്തത്. ആൻറിസിപ്പേറ്ററി ബെയിൽ എടുത്തതിനു ശേഷം തിരിച്ച് ഡോ. കൃഷ്ണപ്രസാദിന്റെ അടുക്കൽ ചെന്ന് അദ്ദേഹത്തെ കൈയേറ്റം ചെയ്യാൻ മുതിർന്നു. ആ അവസരത്തിൽ വീണ്ടും ഡോ. കൃഷ്ണപ്രസാദ് പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രതികളെ അറസ്റ്റ് ചെയ്തു കോടതിയിൽ ഹാജരാക്കി ജാമ്യത്തിൽവിട്ടു. ആ അവസരത്തിൽ മർദ്ദിച്ചതായി അദ്ദേഹം പരാതിപ്പെട്ടു. വിവരം അറിഞ്ഞപ്പോൾ കമ്മീഷണർ പറഞ്ഞു നിങ്ങൾക്ക് പരാതി ഉണ്ടെങ്കിൽ എഴുതി തരൂ, അന്വേഷിക്കാൻ നടപടി എടുക്കാമെന്ന്. ഈ ഡോ. കൃഷ്ണപ്രസാദ് ഒരു ഹരിജനാണ്. അദ്ദേഹത്തോടുള്ള ട്രീറ്റുമെൻറ് മറ്റുള്ളവരിൽനിന്നും വളരെ മോശപ്പെട്ട നിലയിലുള്ളതായിരുന്നു. ഒരു ആർ. എം. ഒ. ആയി ചുമതല വഹിക്കുന്ന ആൾക്ക് അദ്ദേഹത്തിന്റെ സ്ഥാനത്തിനും പ്രവർത്തനത്തിനും വേണ്ട സാഹചര്യമുണ്ടാകണം. മറ്റു ചിലതിന്റെ പേരിൽ നടത്തുന്ന ഈ കൈയേറ്റത്തെ അനുവദിക്കാൻ നിവർത്തിയില്ല. ഏതായാലും അഭിഭാഷകൻമാരോടുള്ള പൂർണ്ണമായ ബഹുമാനത്തോടുകൂടി പറയുകയാണ്, അവർക്ക് എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ഗൗരവമായി തന്നെ എടുത്ത് അന്വേഷിക്കാം എന്ന്. പക്ഷേ ഇത്തരം നടപടികൾ നിർഭാഗ്യകരമാണ്.

(2) അളനാട്—ഉള്ളനാട്—അന്തിനാട് റോഡിന്റെ പണി പൂർത്തിയാക്കൽ

ശ്രീ. പി. സി. ജോർജ്: സർ, 1982—ൽ ടെൻറർ ചെയ്ത് എഗ്രിമെൻറ് വച്ച് പണി ആരംഭിച്ച ഒരു റോഡാണ് എന്റെ നിയോജകമണ്ഡലത്തിലെ അളനാട്—ഉള്ളനാട്—അന്തിനാട് റോഡ്. 1984—ൽ പണി അവസാനിപ്പിക്കണമെന്നാണ് എഗ്രിമെൻറ്. പക്ഷേ 1984—ൽ പണി തീർക്കണമെന്നു പറഞ്ഞിട്ട് 1986 ജൂൺ മാസം അവസാനിച്ചിട്ടും ഈ ദിവസം

LIBRARY ARCHIVES Kerala Legislative Assembly

വരെ പണി തീർന്നിട്ടില്ല. പണി ആരംഭിക്കുന്നതിനു മുമ്പ് കാറും ജീപ്പും ഒക്കെ സഞ്ചരിച്ചിരുന്ന ഒരു ഗ്രാമീണ റോഡാണ്. അതിപ്പോൾ പി.ഡബ്ലിയു.ഡി. റോഡായപ്പോൾ കുണ്ടും കുഴിയുമായി. ഇപ്പോൾ കാള വണ്ടിക്കുപോലും അതുവഴി സഞ്ചരിക്കാൻ പാടില്ലാത്ത ഒരു സാഹചര്യമാണ് നിലവിലുള്ളത്. എം. എൽ. എ. എന്നുള്ള നിലയിൽ ആ സ്ഥലത്തേക്ക് ചെല്ലാൻ പാടില്ലാത്ത ഗതിയാണ് എനിക്കിപ്പോഴുള്ളത്. കാരണം എന്റെ കഴിവുകേടുകൊണ്ടാണ് ആ റോഡിന്റെ പണി പൂർത്തീകരിക്കാൻ കഴിയാത്തത് എന്നാണ് പറയുന്നത്. അതുപോലെ പല റോഡുകളുടേയും കാര്യം പറഞ്ഞു, ബഹുമാനപ്പെട്ട മന്ത്രി എന്നെ ആ നാട്ടിൽ കയറാൻ അനുവദിക്കണം. ദൈവത്തെ ഓർത്ത് എന്നെ രക്ഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അളനാട്—ഉള്ളനാട്—അന്തിനാട് റോഡ് എട്ടു കിലോമീറ്ററിൽ കൂടുതൽ നീളമുള്ള റോഡാണ്. ഏകദേശം നാലര കിലോമീറ്ററോളം മെറ്റലിംഗ് കഴിഞ്ഞിട്ടുണ്ട്. ബാക്കി കുറേ ഭാഗങ്ങളിലേക്ക് ആവശ്യമായ മെറ്റൽ എല്ലാം കളക്ട് ചെയ്തിട്ടുണ്ട്. അതിന്റെ പണി 1984—ൽ തീർക്കേണ്ടതായിരുന്നു. ഒരു വർഷം കൂടി നീട്ടിക്കൊടുത്തു. ഇപ്പോഴും പണി തീർത്തിട്ടില്ല. അതിനുശേഷം പല നോട്ടീസുകളും അയച്ചു. ഇപ്പോൾ ഫൈനലായിട്ട് നോട്ടീസ് നൽകിയിരിക്കുകയാണ്. അതിനും മറുപടി തന്നില്ലെങ്കിൽ വേറൊരു കോൺട്രാക്ടറെ ഏൽപ്പിക്കേണ്ടിവരും. എനിക്ക് ബഹുമാനപ്പെട്ട മെമ്പറോട് അപേക്ഷിക്കുവാനുള്ളത് അങ്ങയുടെ നിയോജകമണ്ഡലത്തിൽ അങ്ങേക്ക് പോകണമെങ്കിൽ ആ റോഡിന്റെ പണി പൂർത്തിയാക്കുന്നതിന് അനുയോജ്യമായ ഒരു കോൺട്രാക്ടറെ കണ്ടു പിടിക്കാനുള്ള സാഹചര്യം ഉണ്ടാക്കണമെന്നാണ്.

(3) വടക്കാഞ്ചേരിയിലേയും സമീപപ്രദേശങ്ങളിലേയും ശുദ്ധജലക്ഷാമം

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: സർ, വടക്കാഞ്ചേരി പഞ്ചായത്തും സമീപ പഞ്ചായത്തുകളും ശുദ്ധജലക്ഷാമത്താൽ കൊടുമ്പിരിക്കൊണ്ട പ്രദേശങ്ങളാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി അവിടെ ശുദ്ധജല വിതരണ പദ്ധതിയുടെ പണി പൂർത്തീകരിച്ച് നിലയിൽ എത്തിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ലൈൻ മൂന്നു കിലോമീറ്ററോളം വലിച്ചാൽ മാത്രമേ അവിടെ കണക്ഷൻ എടുക്കാൻ പറ്റുകയുള്ളൂ. കോൺട്രിബ്യൂഷൻ കൊടുത്താലേ കണക്ഷൻ കിട്ടുകയുള്ളൂ എന്ന നിഗമനത്തിൽ നിൽക്കുകയാണ് എന്നാണ് അറിയാൻ കഴിഞ്ഞത്. അതിനുള്ള അലോട്ട്മെന്റ് ഇതുവരേയും ആയിട്ടില്ല എന്നു പറയുന്നു അതുകൊണ്ട് ഉടനടിതന്നെ അതിനുവേണ്ട നടപടികൾ നടത്തണം. അവിടെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള പരിപാടികൾ നടപ്പാക്കണമെന്ന് മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

നിയമവും, ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1982—83—ൽ ആരംഭിച്ച പണിയാണ്. ഈ പദ്ധതിക്ക് ഏകദേശം 170 കോടി രൂപ മതിപ്പു വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എന്തായാലും ഇത് ഉടനടി പൂർത്തിയാക്കാൻ കഴിയും. 14 ഗ്രാമങ്ങൾക്ക് ഇതിന്റെ പ്രയോജനം കിട്ടുന്നതാണ്. മിക്കവാറും പണികളെല്ലാം പൂർത്തിയായി. അവശേഷിക്കുന്ന പ്രശ്നങ്ങൾക്ക് എത്രയും വേഗം പരിഹാരം കണ്ടെത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly